**മഹാത്മാഗാന്ധി സർവ്വകലാശാല**
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ഏപ്രിൽ 25

# വാർത്താക്കുറിപ്പ്

---

## പൊതു പ്രവേശന പരീക്ഷ (സി.എ.റ്റി.): അപേക്ഷ തീയതി മെയ് ഏഴ് വരെ നീട്ടി

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളും ഇന്റർ സ്കൂൾ സെന്ററും നടത്തുന്ന എം.എ, എം.എസ്.സി, എം.റ്റി.റ്റി.എം., എൽ.എൽ. എം, മാസ്റ്റർ ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ ആൻ്റ് സ്പോർട്സ്, എം.എഡ്, ബി.ബി.എ, എം. ബി.എ എൽ.എൽ.ബി (ഓണേഴ്സ്) - ഇൻറഗ്രേറ്റഡ് തുടങ്ങിയ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശന പരീക്ഷയ്ക്ക് അപേക്ഷിക്കുന്നതിനുള്ള സമയം മെയ് ഏഴിന് വൈകിട്ട് നാലു വരെ നീട്ടിയതായി സർവകലാശാല പത്രകുറിപ്പിൽ അറിയിച്ചു. ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുന്നതിനും യോഗ്യത, സീറ്റുകളുടെ എണ്ണം, പ്രവേശന പരീക്ഷ ഷെഡ്യൂൾ, ഫീസ് ഘടന തുടങ്ങിയ വിവരങ്ങൾ അറിയുന്നതിനും www.cat.mgu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. 0481 2733595 എന്ന ഫോൺ നമ്പറിലും cat@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിലും ഇതു സംബന്ധിച്ച വിവരം ലഭിക്കും.

(പി.ആർ.ഒ./39/492/2022)

## പുതുക്കിയ പരീക്ഷാ തീയതി

ഏപ്രിൽ 19 ന് നടത്താൻ നിശ്ചയിച്ച് മാറ്റി വെച്ച മൂന്നാം സെമസ്റ്റർ എം.എഡ് (സ്പെഷ്യൽ എഡ്യുക്കേഷൻ - ഇന്റലക്ച്വൽ ഡിസെബിലിറ്റി) (ദ്വിവത്സരം - 2019 അഡ്മിഷൻ - റെഗുലർ) പരീക്ഷകൾ മെയ് അഞ്ചിന് ആരംഭിക്കും. വിശദമായ ടൈം ടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/493/2022)

## പരീക്ഷ മെയ് ആറ് മുതൽ

മൂന്നാം സെമസ്റ്റർ എം.എച്ച്.ആർ.എം. (2020 അഡ്മിഷൻ - റെഗുലർ, 2019 അഡ്മിഷൻ - ഇംപ്രൂവ്മെന്റ് / സപ്ലിമെന്ററി, 2018 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷകൾ മെയ് ആറിന് ആരംഭിക്കും. പിഴയില്ലാതെ ഏപ്രിൽ 27 വരെയും 525 രൂപ പിഴയോടു കൂടി ഏപ്രിൽ 28 നും 1050 രൂപ സൂപ്പർഫൈനോടു കൂടി ഏപ്രിൽ 29 നും അപേക്ഷിക്കാം. റെഗുലർ വിദ്യാർത്ഥികൾ 210 രൂപയും വീണ്ടു പരീക്ഷയെഴുതുന്നവർ പേപ്പറൊന്നിന് 45 രൂപ നിരക്കിലും (പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമേ അടക്കണം.

(പി.ആർ.ഒ./39/494/2022)

## പരീക്ഷാ ഫീസ്

നാലാം സെമസ്റ്റർ എം.എസ്.സി - മെഡിക്കൽ ഡോക്യുമെന്റേഷൻ (2019 അഡ്മിഷൻ - റെഗുലർ / 2018, 2017 അഡ്മിഷൻ - സപ്ലിമെന്ററി / 2016 അഡ്മിഷൻ - മെഴ്സി ചാൻസ്) മാസ്റ്റർ ഓഫ് അപ്ലൈഡ്

2009-2010 അഡ്മിഷനുകൾ - സെക്കന്റ് മെഴ്‌സി ചാൻസ്) പരീക്ഷകൾ മെയ് ആറിന് ആരംഭിക്കും. പിഴയില്ലാതെ ഏപ്രിൽ 26 വരെയും 525 രൂപ പിഴയോടു കൂടി എപ്രിൽ 27 നും 1050 രൂപ സൂപ്പർഫൈനോടു കൂടി ഏപ്രിൽ 28 നും അപേക്ഷിക്കാം. മേഴ്‌സി ചാൻസിനുള്ള പരീക്ഷാഫീസ്, ടൈംടേബിൾ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ എന്നിവ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/495/2022)

രണ്ടാം സെമസ്റ്റർ എം.എസ്.സി - മെഡിക്കൽ ഡോക്യുമെന്റേഷൻ (2020 അഡ്മിഷൻ - റെഗുലർ / 2019, 2018, 2017 അഡ്മിഷൻ - സപ്ലിമെന്ററി / 2016 അഡ്മിഷൻ - മെഴ്‌സി ചാൻ്സ്), മാസ്റ്റർ ഓഫ് അപ്ലൈഡ് സയൻസ് ഇൻ മെഡിക്കൽ ഡോക്യുമെന്റേഷൻ (2011-2015 അഡ്മിഷനുകൾ - ഫസ്റ്റ് മെഴ്‌സി ചാൻസ്, 2009-2010 അഡ്മിഷനുകൾ - സെക്കന്റ് മെഴ്‌സി ചാൻസ്) പരീക്ഷകൾ മെയ് 13 ന് ആരംഭിക്കും. പിഴയില്ലാതെ മെയ് മൂന്ന് വരെയും 525 രൂപ പിഴയോടു കൂടി മെയ് നാലിനും 1050 രൂപ സൂപ്പർഫൈനോടു കൂടി മെയ് അഞ്ചിനും അപേക്ഷിക്കാം. മേഴ്‌സി ചാൻസിനുള്ള പരീക്ഷാഫീസ്, ടൈംടേബിൾ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ എന്നിവ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/496/2022)

## പ്രാക്ടിക്കൽ / പ്രോജക്ട് / വൈവാ വോസി

ആറാം സെമസ്റ്റർ യു.ജി. - സി.ബി.സി.എസ്.എസ്. (2019 അഡ്മിഷൻ - റെഗുലർ / 2017, 2018 അഡ്മിഷനുകൾ - റീ-അപ്പിയറൻസ്), ബി.എസ്.സി. സൈബർ ഫോറൻസിക് (2019 അഡ്മിഷൻ - റെഗുലർ) ഏപ്രിൽ 2022 പരീക്ഷയുടെ ഭാഗമായ പ്രാക്ടിക്കൽ / പ്രോജക്ട് / വൈവാ വോസി പരീക്ഷകൾ മെയ് 20 വരെയുള്ള തീയതികളിൽ അതത് കോളേജുകളിൽ നടക്കും. വിശദവിവരങ്ങൾ ബന്ധപ്പെട്ട കോളേജുകളിൽ ലഭിക്കും.

(പി.ആർ.ഒ./39/497/2022)

## ട്രാൻസിറ്ററി പരീക്ഷ മാറ്റി

സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ് ഏപ്രിൽ 28 മുതൽ ആരംഭിക്കാനിരുന്ന എം.എ. (ഡെവലപ്മെന്റ് സ്റ്റഡീസ് - 2018 വരെയുള്ള അഡ്മിഷൻ) ബിരുദം നേടിയവർക്ക് എക്കണോമിക്സിൽ എലിജിബിലിറ്റി (തുല്യത/യോഗ്യത) നൽകുന്നതിനുള്ള ട്രാൻസിറ്ററി പരീക്ഷ മാറ്റി വച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കും

(പി.ആർ.ഒ./39/498/2022)

## പരീക്ഷാ ഫലം

സ്കൂൾ ഓഫ് സോഷ്യൽ സയൻസസ് ജനുവരിയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.ഫിൽ (ജനറൽ സോഷ്യൽ സയൻസസ്) (സോഷ്യൽ സയൻസസ് ഫാക്കൽറ്റി, സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/499/2022)

2021 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ് സി. മെഡിക്കൽ ഡോക്യുമെന്റേഷൻ (നോൺ-സിഎസ്.എസ്. - റെഗുലർ / സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനക്കുള്ള അപേക്ഷ 160 രൂപ ഫീസ് സഹിതം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ ലഭിക്കേണ്ട അവസാന തീയതി മെയ് ആറ്.

(പി.ആർ.ഒ./39/500/2022)

**പി.സി.  സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ